2008, ഖുത്ബ നമ്പര്‍ - 41

ഖുത്ബ
10.10.2008
മസ്ജിദ് മുബാറക്ക്,
പാരീസ്, ഫ്രാന്‍സ്

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# പള്ളികള്‍ ദൈവസ്മരണക്കും സമസൃഷ്ടി സേവനത്തിനുമുള്ള കേന്ദ്രങ്ങള്‍

يَـٰبَنِىٓ ءَادَمَ قَدْ أَنزَلْنَا عَلَيْكُمْ لِبَاسًا يُوَٰرِى سَوْءَٰتِكُمْ وَرِيشًا ۖ وَلِبَاسُ ٱلتَّقْوَىٰ ذَٰلِكَ خَيْرٌ ۚ ذَٰلِكَ مِنْ ءَايَـٰتِ ٱللَّهِ لَعَلَّهُمْ يَذَّكَّرُونَ ﴿٢٦﴾

(7 :27)

അല്‍ഹംദുലില്ലാഹ്, അല്ലാഹു ഫ്രാന്‍സ് ജമാഅത്തിനും ആദ്യത്തെ മസ്ജിദ് നിര്‍മ്മിക്കുവാനുള്ള തൗഫീഖ് നല്‍കിയിരിക്കുന്നു. അല്ലാഹു ഈ പള്ളിയെ കൂടുതല്‍ പള്ളികള്‍ക്കുള്ള ശക്തമായ ഒരു അടിത്തറയാക്കി മാറ്റട്ടെ; പള്ളികള്‍ നിര്‍മ്മിക്കുന്നതില്‍ ഇവിടെയുള്ള നിയമങ്ങള്‍ തടസ്സമാകാതിരിക്കട്ടെ. ജമാഅത്തംഗങ്ങള്‍ക്കും പള്ളി നിര്‍മ്മാണത്തില്‍ കൂടുതല്‍ താല്‍പ്പര്യം ഉണ്ടാകുകയും ചെയ്യുമാറാകട്ടെ. താല്‍പ്പര്യം മാത്രമല്ല പള്ളി നിര്‍മ്മാണത്തിന്‍റെ ഉദ്ദേശ്യം പൂര്‍ത്തിയാകുന്ന ആ ആത്മാവും അവരില്‍ ഉണ്ടാകുമാറാകട്ടെ.

ഈ പള്ളി നിര്‍മ്മാണം ജമാഅത്തംഗങ്ങള്‍ക്ക് നല്‍കിയിരിക്കുന്ന ഒരു പാഠം, നമ്മുടെ ഉദ്ദേശ്യം സുദൃഢമാണെങ്കില്‍, അതിന്നായി പൂര്‍ണ്ണ പരിശ്രമവുമുണ്ടെങ്കില്‍ സമയം എത്തിയാല്‍ അല്ലാഹു തന്‍റെ കൃപ കൊണ്ട് എല്ലാ തടസ്സങ്ങളും നീക്കുന്നതാണ് എന്നാണ്. ഈ സുന്ദരമായ പള്ളി നിര്‍മ്മിക്കപ്പെട്ട ഈ സ്ഥലത്ത് പ്രദേശവാസികളുടെ പരാതി കാരണം കൗണ്‍സിലര്‍ മിനാരത്തിന്‍റെ പൊക്കത്തിന് ചില പരിമിതികള്‍ നിര്‍ണ്ണയിച്ചിട്ടുണ്ടെങ്കില്‍ തന്നെയും നമുക്ക് മസ്ജിദ് എന്ന പേരില്‍ ഒരു പള്ളി നിര്‍മ്മിക്കുവാനുള്ള അനുവാദം ലഭിക്കുകയുണ്ടായി. ഇവിടെയുള്ളവര്‍ക്ക് ഇപ്പോഴത്തെ സാഹചര്യം വെച്ചു നോക്കുമ്പോള്‍ സ്ത്രീകള്‍ക്കും പുരുഷന്മാര്‍ക്കും നമസ്കരിക്കാനും ജുമുഅക്ക് ചേരാനും ഈ സ്ഥലം മതിയായതാണ്. മിനാരത്തിന്‍റെ ഉയരത്തെ കുറിച്ചുള്ള പ്രശ്നവും ഭാവിയില്‍ ദൂരീകരിക്കപ്പെടുന്നതാണ് ഇന്‍ശാ അല്ലാഹ്.

ഇവിടെ ആദ്യം ഒരു ഹാളാണ് ഉണ്ടായിരുന്നത്. അതിലാണ് നമസ്കാരം നടന്നിരുന്നത്. പ്രദേശവാസികള്‍ ഇതിനെക്കുറിച്ച് പരാതിപ്പെടാറുണ്ടായിരുന്നു. എത്രമാത്രമെന്നാല്‍ കരുണയുള്ള ഇവിടത്തെ മേയര്‍ സാഹിബ് - അദ്ദേഹം അല്‍പം മുമ്പേ ഇവിടെ വന്നിരുന്നു - ഒരിക്കല്‍ ദേഷ്യപ്പെട്ടുകൊണ്ട് ഇവിടെ വരികയും ഇവിടെ നമസ്കാരം തടയുമെന്നും ഈ ഹാള്‍ ഇടിച്ചു നിരത്തുമെന്നും ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാല്‍ അല്ലാഹു തന്‍റെ കാരുണ്യം ചൊരിഞ്ഞു കൊണ്ട് ഇവരുടെ ഹൃദയത്തെ മാറ്റിയപ്പോള്‍ ഇവര്‍ തന്നെ നിയമപ്രകാരം പള്ളി നിര്‍മ്മിക്കാനുള്ള അനുവാദം തരികയാണ് ചെയ്തത്. ഞാന്‍ പങ്കെടുത്ത ഇവിടത്തെ ഒരു ജല്‍സയില്‍ ഈ മേയര്‍ സാഹിബും വന്നിരുന്നു. ആദ്യമാദ്യം ഇദ്ദേഹത്തിന് ജമാഅത്തിനെ കുറിച്ച് മോശമായ ചിന്താഗതിയാണുണ്ടായിരുന്നത്. പിന്നീടൊരിക്കല്‍ ജല്‍സയില്‍ വന്നപ്പോള്‍ വളരെ ആദരവോടെ പാദരക്ഷയെല്ലാം അഴിച്ചുവെച്ച് സ്റ്റേജില്‍ കയറി എന്നെ കാണുകയുണ്ടായി. അല്ലാഹു ഇവരുടെ ഹൃദയത്തെ നമ്രമാക്കി മാറ്റി. നമ്മുടെ നമസ്കാരം തടയാനും ഹാള്‍ ഇടിച്ചുനിരത്താനും തയ്യാറായിരുന്ന ഇവര്‍ തന്നെ ഇപ്പോള്‍ പള്ളി നിര്‍മ്മിക്കാന്‍ അനുവാദം നല്‍കി എന്ന് മാത്രമല്ല ഇതിന്‍റെ വഴിയിലുണ്ടാകുന്ന തടസ്സങ്ങളെല്ലാം നീക്കുന്നതിന്ന് നമ്മുടെ സഹായിയായി വര്‍ത്തിക്കുകയും ചെയ്തു. അദ്ദേഹം ഇപ്പോഴും നമ്മെ സഹായിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നല്‍കി അനുഗ്രഹിക്കുമാറാകട്ടെ. അഹ്മദിയ്യത്തിന്‍റെ അഥവാ ഇസ്‌ലാമിന്‍റെ സന്ദേശം മനസ്സിലാക്കാന്‍ കഴിയുന്ന രീതിയില്‍ അല്ലാഹു അദ്ദേഹത്തിന്‍റെ ഹൃദയം തുറന്നുകൊടുക്കുകയും ചെയ്യുമാറാകട്ടെ.

അല്ലാഹു ജമാഅത്തില്‍ ചൊരിയുന്ന ഈ അനുഗ്രഹങ്ങളും നമ്മള്‍ ചോദിക്കുന്നതിലും കൂടുതലായി നമുക്ക് നല്‍കുന്നതും **യന്‍സുറുക റിജാലുന്‍ നൂഹീ ഇലൈഹിം മിനസ്സമാഇ** (ആകാശത്തുനിന്ന് വെളിപാടു നല്‍കപ്പെടുന്ന ജനങ്ങള്‍ നിന്നെ സഹായിക്കുന്നതാണ്.) എന്ന വാക്കിലൂടെ നമ്മെ ആശ്വസിപ്പിക്കുന്നതും എല്ലാം അവന്‍റെ കാരുണ്യം തന്നെയാണ്. അവന്‍ അന്യരുടെ ഹൃദയങ്ങളിലും അവന്‍റെ ദാസരെ സഹായിക്കുന്നതിനും അവരോട് സഹകരിക്കുന്നതിനുമുള്ള വികാരം ഇട്ടുകൊടുക്കുന്നു. ഈ എല്ലാ കാര്യങ്ങളും നമ്മെ കൃതജ്ഞതയുള്ളവരാക്കി മാറ്റേണ്ടതാണ്.

അല്ലാഹുവിനെ ആരാധിക്കുന്ന കാര്യത്തില്‍ മുമ്പത്തെക്കാളും കൂടുതല്‍ ശ്രദ്ധ നമുക്കുണ്ടാകുമ്പോഴാണ് നാം കൃതജ്ഞത പ്രകടിപ്പിക്കുന്നവരായിത്തീരുന്നത്. മസ്ജിദിന്‍റെ സൗന്ദര്യം വര്‍ദ്ധിപ്പിക്കുന്ന കാര്യത്തില്‍ മുന്‍പുള്ളതിനെക്കാളും കൂടുതല്‍ ശ്രദ്ധ നമുക്കുണ്ടാവേണ്ടതാണ്. തഖ്‌വയില്‍ മുന്‍കടക്കുന്നവരായി നാം മാറണം. പള്ളിനിര്‍മ്മാണത്തിന്‍റെ പരമപ്രധാനമായ ലക്ഷ്യം

തഖ്‌വ നില നിർത്തുക എന്നതാണ്. പള്ളികൾ നമ്മെ ഏകനായ അല്ലാഹുവിന്റെ സവിധത്തിൽ മുട്ടു കുത്തുന്നവരായി മാറ്റുമ്പോൾ അത് നമ്മെ അല്ലാഹുവിന്റെ സൃഷ്ടികളുടെ കടപ്പാടുകളിലേക്ക് ശ്രദ്ധയൂന്നുന്നവരായും മാറ്റേണ്ടതാണ്. ഈ ഒരു ലക്ഷ്യം ഓരോ അഹ്മദിയും മുമ്പിൽ കാണണം.

അല്ലാഹുവിനെ ആരാധിക്കുന്നതിൽ മുൻപുള്ളതിനേക്കാളും കൂടുതൽ ആവേശം നമുക്കുണ്ടാവണം. അവന്റെ ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ ഭൗതിക ചിന്താഗതികൾ സർവ്വവും പുറമെ ഉപേക്ഷിക്കാൻ ശ്രമിക്കുക. കാരണം ഇത് ദൈവത്തിന്റെ ഗൃഹമാണ്. നാം അവന്റെ ഗൃഹത്തിൽ പ്രവേശിക്കാൻ കാരണം ഏകനും സർവ്വലോക സൃഷ്ടാവും നിയന്താവും സർവ്വലോക പരിപാലകനും നമ്മുടെയും നമ്മുടെ പ്രിയപ്പെട്ടവരുടെയും ജീവൻ പ്രദാനം ചെയ്യുന്നവനും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നവനും അവനായതു കൊണ്ടാണ്. അവനെ കുറിച്ച് ഇവ്വിധം നാം ചിന്തിക്കുമ്പോൾ മറ്റുള്ളവയെ കുറിച്ചുള്ള ചിന്ത നമ്മുടെ മനസ്സിൽ വരുന്നതല്ല. ഈ ചിന്ത നമ്മിൽ ഉള്ളിടത്തോളം ഗോപ്യമായ ശിർക്കിൽ നിന്നും നാം മുക്തരായിത്തീരും.

ഇക്കാലത്ത് ഭൗതിക ചുറ്റുപാടും ഇടപഴകലും മനുഷ്യനെ ഭൗതികതയിലേക്ക് ആകർഷിച്ചു കൊണ്ടിരിക്കുകയാണ്. നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ പോലും ചിന്ത അല്ലാഹുവിലേക്ക് പോകുന്നില്ല. നമസ്കരിക്കുമ്പോൾ അവൻ ദിക്റുകളും മറ്റും ഉരുവിടുന്നുണ്ടെങ്കിലും എന്താണ് താൻ പറയുന്നത് എന്ന് അവൻ തന്നെ അറിയാതെ പോകുന്നു. സലാം വീട്ടി നമസ്കാരത്തിൽ നിന്ന് വിരമിക്കുകയും ചെയ്യുന്നു.

ഇക്കാലത്ത് കാലത്തിന്റെ ഇമാമിനെ അംഗീകരിച്ചുകൊണ്ട് തങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റം വരുത്തുമെന്ന് പ്രതിജ്ഞ എടുത്തിരുക്കുന്ന നാം പ്രഥമമായി ചെയ്യേണ്ടത് ജുമുഅ മാത്രമല്ല കഴിവതും എല്ലാ നമസ്കാരങ്ങളും ജമാഅത്തായി തന്നെ അനുഷ്ടിക്കാൻ ശ്രമിക്കുക എന്നതാണ്. അല്ലാഹുവിനെ മാത്രം ധ്യാനിച്ചു കൊണ്ട് അവന്റെ മുമ്പിൽ ഹാജരാകാൻ ശ്രമിക്കേണ്ടതാണ്. പള്ളിയിലേക്ക് വന്നാൽ അവനിലേക്ക് മാത്രം ശ്രദ്ധയുണ്ടായിരിക്കുക. അതോടൊപ്പം തങ്ങളുടെ ആരാധനകൾ അതർഹിക്കുന്ന രീതിയിൽ അനുഷ്ടിക്കുകയും പള്ളിയോടുള്ള കടമ നിറവേറ്റുകയും ചെയ്യുക. ഇതേ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:- അല്ലാഹുവിന്റെ മഹ്രിഫത്തും സാമീപ്യവും കരഗതമാക്കുന്നതിന്നാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്.

**വമാ ഖലക്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ**

നാം ജിന്നിനെയും മനുഷ്യരെയും ആരാധനക്കായാണ് സൃഷ്ടിച്ചിരിക്കുന്നത്

ഈ അടിസ്ഥാന ലക്ഷ്യത്തെ ഓർക്കാതെ ഇന്ന സ്ഥലം വാങ്ങണം ഇന്ന വീട് വാങ്ങണം ഇന്ന സ്വത്ത് കൈവശമാക്കണം എന്ന് ചിന്തിച്ച് രാപ്പകൽ ഭൗതിക നേട്ടത്തെ കുറിച്ച് മാത്രം വ്യാകുലപ്പെടുന്നവരെ അല്ലാഹു കുറച്ച് ദിവസം ഇവിടെ താമസിക്കാൻ വിട്ട് പിന്നീട് തിരിച്ചു വിളിക്കുകയല്ലാതെ മറ്റെന്ത് ചെയ്യാനാണ്.

പറയുന്നു, അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കണമെന്ന ചിന്ത മനുഷ്യന്റെ അന്തഃരംഗത്ത് ഉണ്ടായിരിക്കണം. ഈ ഒരു വികാരം ഉണ്ടാകുമ്പോഴാണ് ദൈവത്തിന്റെ മുമ്പിൽ അവൻ വിലമതിക്കപ്പെടുന്ന ഒരു വസ്തു ആയിത്തീരുന്നത്. അല്ലാഹുവുമായി അൽപ്പമെങ്കിലും ബന്ധം സ്ഥാപിക്കുന്നതിലാണ് മനുഷ്യന് നിലയും വിലയുമുള്ളത്. എല്ലാ ആരാധനകളുടെയും കേന്ദ്രം ഹൃദയമാണ്. ആരാധനയെല്ലാമുണ്ടെങ്കിലും ഹൃദയം അല്ലാഹുവിലേക്ക് ചായുന്നില്ലെങ്കിൽ ഈ ആരാധനകൾ എന്ത് ഫലമാണ് ഉളവാക്കുക. നോക്കൂ- പള്ളികൾ ആയിരക്കണക്കിനുണ്ട്. അതിലെല്ലാം ആരാധനയുടെ ചടങ്ങുകളല്ലാതെ മറ്റെന്താണുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ വാക്കുകളും താക്കീതുകളും ഹൃദയത്തെ പിടിച്ചു കുലുക്കുന്നതാണ്. അദ്ദേഹം നമ്മിൽ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷ എന്താണെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്. നമ്മുടെ ഇസ്‌ലാഹിനു വേണ്ടിയും അല്ലാഹുവുമായി നാം ബന്ധം സ്ഥാപിക്കുന്നതിനു വേണ്ടിയും എന്തുമാത്രം വേദനയോടു കൂടിയാണ് ആ മഹാത്മാവ് ഓരോന്നും നമുക്ക് മനസ്സിലാക്കിത്തരുന്നത്. അല്ലാഹുവിന്റെ സവിധത്തിൽ നാം വിലമതിക്കപ്പെടുന്നവരായിത്തീരാൻ എന്തുമാത്രം വ്യാകുലതയാണ് ആ മഹാത്മാവിനുള്ളത്. ഇങ്ങിനെയുള്ള ആരാധനകൾ കൈവരിക്കുന്നതിലായിരിക്കണം നമ്മുടെ ശ്രദ്ധയുണ്ടാവേണ്ടത്. അതിന്നായി നാം പരിശ്രമിക്കുകയും വേണം. അപ്പോൾ മാത്രമെ ആരാധനയുടെ തേട്ടം പൂർത്തിയാക്കുന്നവരും പള്ളിയുടെ അവകാശം നൽകുന്നവരുമായി നാം മാറുകയുള്ളൂ.

പള്ളിനിർമ്മാണത്തിൽ മറ്റുള്ളവരും മുൻപന്തിയിലാണ്. ചില പള്ളികൾ വളരെ മനോഹരങ്ങളാണ്. അവയുടെ ബാഹ്യസൗന്ദര്യത്തിന്റെ കാര്യത്തിൽ നമുക്ക് അവരോട് മത്സരിക്കാൻ സാധ്യമല്ല. എന്നാൽ അവർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അനുസരണ വൃത്തത്തിൽ നിന്നും പുറത്തുനിന്നുകൊണ്ടാണ് അത് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ട് ബാഹ്യ സൗന്ദര്യം അതിനുണ്ടെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏതൊരു ആത്മീയ സൗന്ദര്യത്തെ കുറിച്ചാണോ പറഞ്ഞിരിക്കുന്നത് അത് അവിടെ ദർശിക്കാൻ സാധ്യമല്ല. അവർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപ്പനകളെ ധിക്കരിച്ചുകൊണ്ട് കാലത്തിന്റെ ഇമാമിനെ അംഗീകരിക്കാതിരിക്കുക മാത്രമല്ല ചെയ്തത്, അദ്ദേഹത്തെ എതിർക്കുന്നതിൽ മുഴുകിയിരിക്കുകയും കൂടി

യാണ്. അല്ലാഹുവും അവന്റെ റസൂലും വരും എന്നു പറഞ്ഞ മഹ്ദി ഇമാമിനെ അവർ നിരാകരിച്ചിരിക്കുന്നു. അതു കൊണ്ട് ഇവിടെ ഇപ്പോൾ ഒരു പള്ളി നിർമ്മിച്ച തോടുകൂടി അഹ്മദികളുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിച്ചിരിക്കുകയാണ്.

ഈ പള്ളി കാരണം മുസ്ലിംകളുടെയും അമുസ്ലിംകളുടെയും ശ്രദ്ധ നിങ്ങളിലേക്ക് തിരിയുകയാണ്. ഇവിടെയുള്ള ഒരു മാഗസിൻ ഇന്നലെ അമീർ സാഹിബ് എനിക്ക് കാണിച്ചു തരികയുണ്ടായി. അതിൽ പള്ളി ഉത്ഘാടനവുമായി ബന്ധപ്പെടുത്തി ജമാഅത്തിനെ പരിചയപ്പെടുത്തിയിരിക്കുന്നു. നല്ല സർക്കുലേഷൻ ഉള്ള മാഗസിനാണത്. അത് മുഖേന ജമാഅത്തിനെ കുറിച്ചുള്ള സന്ദേശം മറ്റുള്ളവരിൽ എത്തും എന്നുള്ളത് ശരിതന്നെ. അതോടൊപ്പം അസൂയക്കാരുടെ അസൂയ വർദ്ധിക്കുയും ചെയ്യുന്നതാണ്. തബ്ലീഗ് വിജയിക്കുന്നതിനും അസൂയക്കാരുടെ അസൂയയിൽ നിന്ന് രക്ഷപ്പെടുന്നതിനുമുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം ദുആയാണ്. അതോടൊപ്പം ആരാധനയിൽ ശ്രദ്ധിക്കുക എന്നതുമാണ്. അല്ലാഹുവിന്റെ മുമ്പിൽ വിനയത്തോടും വണക്കത്തോടും കൂടി കുമ്പിട്ട് ആത്മാർത്ഥമായി അവന്റെ സഹായം തേടുക. ഹൃദയത്തെ തുറക്കുന്നവനും അസൂയക്കാരുടെ അസൂയയിൽ നിന്ന് രക്ഷപ്പെടുത്തുന്നവനും അല്ലാഹുവാണ്.

ഈ പള്ളി നിർമ്മാണം മുഖേന മൂന്ന് വെല്ലുവിളികളാണ് നിങ്ങൾക്ക് നേരിടേണ്ടതായിട്ടുള്ളത്. ഒന്ന്, ആരാധനയെ മുമ്പത്തെക്കാളും കൂടുതൽ ഭംഗിയായി, ശ്രേഷ്ഠമായി നിർവ്വഹിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുക. ഇതിന്നായി അല്ലാഹുവിന്റെ ഗൃഹത്തിൽ അഞ്ച്നേര നമസ്കാരവും ജമാഅത്തായി നമസ്കരിക്കുക. നമസ്കാരത്തിലേക്ക് വിളിക്കപ്പെട്ടു കഴിഞ്ഞാൽ ഒരു വിധ ഒഴികഴിവും പറയാതെ പള്ളിയിൽ ഹാജരാകേണ്ടതാണ്. നമസ്കാരത്തിലൂടെ മാത്രമെ യഥാർത്ഥ വിജയം കൈവരികയുള്ളൂ. ഭൗതികകാര്യങ്ങൾ കൊണ്ടല്ല വിജയം ലഭിക്കുക. പാശ്ചാത്യ നാടുകളിൽ താമസിക്കുന്നവർ പൊതുവിലും ഫ്രാൻസിൽ താമസിക്കുന്നവർ പ്രത്യേകിച്ചും ഭൗതികതയിൽ തിമിർത്താടുന്നവരാണ്. ഇവിടെയുള്ളവർ തങ്ങളെ അല്ലാഹുവിന്റെ സവിധത്തിൽ കുമ്പിടുന്നവരാക്കിത്തീർത്താൽ അത് തീർച്ചയായും അല്ലാഹുവിന്റെ പ്രിയരിൽ ഉൾപ്പെടുന്നതിന് കാരണമായിത്തീരുന്നതാണ്. അതുകൊണ്ട് ഈ പള്ളി നിർമ്മാണത്തോടൊപ്പം നിങ്ങൾ നിങ്ങളുടെ ആരാധനയുടെ പുതിയ ഒരു തലം സൃഷ്ടിക്കുക.

രണ്ടാമത്തെ വെല്ലുവിളി തബ്ലീഗുമായി ബന്ധപ്പെട്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു:- ഇസ്ലാമിനെ എവിടെയെങ്കിലും പരിചയപ്പെടുത്തണമെന്നുണ്ടെങ്കിൽ, ഒരു കേന്ദ്രത്തിലേക്ക് ജനങ്ങളെ കൊണ്ടു വരാൻ പ്രയത്നിക്കുന്നുണ്ടെങ്കിൽ നിങ്ങൾ അവിടെ ഒരു മസ്ജിദ് നിർമ്മിക്കുക.

ഇതുമുഖേന തബ്ലീഗ് പ്രവർത്തനം ഊർജ്ജിതമാകുന്നതാണ്. ഇവിടെ ഫ്രാൻസിലും പള്ളി ഔദ്യോഗികമായി ഉത്ഘാടനം ചെയ്യപ്പെടുന്നതിനുമുൻപേ തന്നെ നമ്മെ പരിചയപ്പെടുത്തിക്കൊണ്ട് മാഗസിനിൽ വന്നത് ഞാൻ കേൾപ്പിക്കുകയുണ്ടായി. ഇത് തുടക്കമാണ്. തബ്ലീഗിനുള്ള വഴികൾ തുറക്കുന്നതാണ്. ഈ മാർഗ്ഗങ്ങൾ തുറക്കപ്പെടുമ്പോൾ ജനങ്ങളുടെ ദൃഷ്ടി നിങ്ങളിലേക്ക് വരും. ഈ വെല്ലുവിളി നേരിടുന്നതിനും തയ്യാറായിരിക്കുക. ഫ്രാൻസിൽ തബ്ലീഗിന് എത്ര പേർ പങ്കെടുക്കുന്നുണ്ടെന്ന് എനിക്ക് അറിയില്ലെങ്കിലും നല്ല പ്രതികരണങ്ങളാണ് ഇവിടെ നിന്ന് ഉണ്ടാകുന്നത്. ഇവിടെയുള്ള തബ്ലീഗ് പ്രവർത്തനങ്ങൾ ചില സമൂഹങ്ങളിൽ മാത്രം പരിമിതമാണ്. കൂടുതലും അറബ് മുസ്ലിംകളെയാണ് തബ്ലീഗ് ചെയ്യുന്നത്. ഇതു നല്ലതുതന്നെ. അറബികൾക്ക് തന്നെയാണ് തിരുനബി (സ.അ) ന്റെ പ്രേമപാത്രമായ വാഗ്ദത്ത മസീഹിന്റെ സന്ദേശം ആദ്യമായെത്തേണ്ടത്. ഈ അറബികളാണ് നമുക്ക് തിരുനബി (സ.അ) ന്റെ സന്ദേശം എത്തിച്ചതും അതു മുഖേന നമുക്ക് അനുഗ്രഹീത ഉമ്മത്തിൽ പ്രവേശിക്കാൻ സൗഭാഗ്യം ലഭിച്ചതും. ഇതു മുഖേന നമുക്ക് ഭൗതിക നേട്ടം ലഭിച്ചു എന്നുമാത്രമല്ല പാരത്രികലോകത്ത് സ്ഥായിയായ ജീവിതത്തിനുള്ള മാർഗ്ഗം കാണിച്ചു തരികയും ചെയ്തു. അതുകൊണ്ട് തിരുനബി (സ.അ) ന്റെ സത്യസന്ധനായ ദാസന്റെ സന്ദേശം ഓരോ അറബിക്കും എത്തിച്ചു കൊടുക്കേണ്ടത് നമ്മുടെ പ്രഥമ കടമയാണ് എന്നതിൽ ഒരു സംശയവുമില്ല. എന്നാൽ അതോടൊപ്പം തന്നെ തിരുനബി (സ.അ) സർവ്വലോക പ്രവാചകനാണെന്ന കാര്യം നാം മറക്കാൻ പാടില്ല.

ഇക്കാലത്ത് ലോകജനതയെ മുഹമ്മദ് മുസ്തഫ (സ.അ) ന്റെ പതാകക്കുകീഴിൽ ഒരുമിച്ചു കൂട്ടുക എന്ന അതിമഹത്തായ ജോലി വാഗ്ദത്ത മഹ്ദി മസീഹിന്റെ പ്രവർത്തനത്തിൽ ഉൾപ്പെട്ടതാണ്. സന്ദേശം എത്തിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. സദ്പ്രകൃതക്കാർക്ക് അല്ലാഹു ഹിദായത്ത് നൽകുന്നതാണ്. സന്ദേശം എത്തിക്കുകയും അതിന്റെ വിജയത്തിന്നായി ദുആ ചെയ്യുകയും ചെയ്യുക എന്നതാണ് നമ്മുടെ സുപ്രധാന കടമകൾ. ദുആയാകുന്ന ആയുധമാണ് ഏറ്റവും ഫലപ്രദമായ ആയുധമായി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് നൽകിയിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ അറിവിനെയോ തബ്ലീഗ് പ്രവർത്തനത്തെയോ മാത്രം ആശ്രയിക്കരുത്. ഫലവും അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് മാത്രമെ ഉണ്ടാകുകയുള്ളൂ. അല്ലാഹുവിന്റെ കൃപയെ ആകർഷിക്കാൻ ദുആ അനുപേക്ഷണീയമാണ്. അതുകൊണ്ട് ദുആ ചെയ്യാൻ ഒരിക്കലും മറക്കരുത്.

മൂന്നാമത്തെ വെല്ലുവിളി നിങ്ങളുടെ ജീവിത

ശൈലിതന്നെയാണ്. നിങ്ങളെ കുറിച്ച് അറിയാൻ തുടങ്ങുമ്പോൾ ജനങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങളെ വീക്ഷിക്കും. നിങ്ങളുടെ നടത്തവും ഇരുത്തവും ഇടപഴകലും ഇടപാടുകളും മറ്റും നിരീക്ഷിക്കും. നിങ്ങളുടെ പരസ്പരമുള്ള ബന്ധം വിലയിരുത്തും.നിങ്ങളുടെ വാക്കും പ്രവൃത്തിയും തട്ടിച്ചുനോക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:-

നമ്മുടെ ജമാഅത്തിലുള്ളവർ മാതൃകാ ജീവിതം നയിക്കേണ്ടതാണ്. നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിട്ടും മോശമായ മാതൃക കാണിക്കുകയും പ്രവർത്തനപരമോ വിശ്വാസപരമോ ആയ ബലഹീനതകൾ പ്രകടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അവർ അതിക്രമികളാണ്. അവർ ജമാഅത്തിന് ദുഷ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്. നമ്മേയും ആക്ഷേപത്തിന് കുറിമാനമാക്കുകയാണ്. ദുഷ്പെരുമാറ്റം മറ്റുള്ളവരുടെ വെറുപ്പിനു കാരണമാകുന്നു. സൽപെരുമാറ്റം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുന്നു. ചിലർ കത്തിൽ ഇപ്രകാരം എഴുതുന്നു, ഞങ്ങൾ താങ്കളുടെ ജമാഅത്തിൽ ഇതുവരെ പ്രവേശിച്ചിട്ടില്ലെങ്കിലും താങ്കളുടെ ജമാഅത്തിലെ അംഗങ്ങളുടെ പ്രവർത്തനങ്ങൾ കാണുമ്പോൾ ഈ ജമാഅത്തിലുള്ളവർക്ക് നൽകപ്പെടുന്ന അദ്ധ്യാപനങ്ങൾ നന്മയിൽ അധിഷ്ടിതമാണെന്ന് ബോധ്യമാകുന്നു.

**ഇന്നല്ലാഹ മഅല്ല ദീനത്തഖൗ വല്ലദീനഹും മുഹ്സിനൂൻ**

തഖ്വ സ്വായത്തമാക്കുന്നവരുടെയും സുകൃതം ചെയ്യുന്നവരുടെയും കൂടെയാണ് അല്ലാഹു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:- അല്ലാഹു മനുഷ്യന്റെ ദൈനംദിന റിപ്പോർട്ട് ഉണ്ടാക്കുന്നു. അതുകൊണ്ട് മനുഷ്യനും തന്റെ ദൈനംദിന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. നന്മയിൽ എത്രമാത്രം മുന്നേറാൻ കഴിഞ്ഞു എന്ന് അതിൽ നോക്കി വിലയിരുത്തേണ്ടതാണ്. ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുകയും അവനിൽ പൂർണ്ണമായും അർപ്പണം ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അവൻ ഒരിക്കലും പാഴായിപ്പോകുന്നതല്ല. ആ ഒരു വ്യക്തിക്ക് വേണ്ടി ലക്ഷക്കണക്കിന് ജീവൻ അല്ലാഹു രക്ഷിക്കുന്നതാണ്.

അതിനാൽ നാം ഇന്ന് നമ്മുടെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയും നമ്മോടൊപ്പം ലോകത്തുള്ള കോടിക്കണക്കിന് ജനങ്ങളെ ഭൗതികവും ആകാശീയവുമായ ആപത്തുകളിൽനിന്ന് രക്ഷപ്പെടുത്തുകയും ലോകരെ തിരുദൂതരുടെ പതാകക്കുകീഴിൽ അണിനിരത്തി അവരെ ഈ ലോക നാശത്തിൽ നിന്നും പരലോക ശിക്ഷയിൽനിന്നും രക്ഷപ്പെടുത്തേണ്ടതുമാണ്.

അതിനാൽ ഞങ്ങൾ ഒരു പള്ളി നിർമ്മിച്ചിരിക്കുന്നു എന്നതിൽ മാത്രം സന്തുഷ്ടരാകാതിരിക്കുക. വിശ്വാസികളുടെ വിജയത്തിലേക്കുള്ള ഓരോ കാൽവെപ്പും അവരുടെ ഉത്തരവാദിത്വങ്ങളെ ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. കൂടുതൽ വിജയഗാഥകൾ രചിക്കുകയാണ് അവർ ചെയ്യുക. തഖ്വയിൽ അഭിവൃദ്ധിപ്പെടാൻ അവർ ശ്രമിക്കുന്നു. തഖ്വയിൽ അഭിവൃദ്ധിയുണ്ടാകുന്നതനുസരിച്ച് ഉത്തരവാദിത്വത്തെകുറിച്ച് കൂടുതൽ ബോധവാന്മാരായിത്തീരുന്നതാണ്. നന്മയുടെ പുതുപുത്തൻ മാർഗ്ഗങ്ങൾ അവർക്കുമുന്നിൽ തുറക്കപ്പെടുകയും ചെയ്യുന്നതാണ്.

ഇപ്പോൾ പള്ളിനിർമ്മാണം പൂർത്തിയാക്കി നിങ്ങൾ വിജയത്തിലേക്ക് ഒരടി മുന്നോട്ട് വെച്ചിരിക്കുന്നു. ഈ പ്രവർത്തി അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രമാണെന്ന ചിന്ത നമ്മിൽ ഉണ്ടാവുമ്പോഴാണ് ഇതിന്റെ പ്രതിഫലം ലഭിക്കുക. ഇത് എന്താണോ ആവശ്യപ്പെടുന്നത് അത് നാം നിറവേറ്റേണ്ടതാണ്. ഈ ഒരു വികാരം നമ്മിൽ ഉണ്ടാകുമ്പോൾ തഖ്വയുടെ നിലവാരം ഉയരുന്നതോടൊപ്പം നമ്മുടെ ആരാധനകൾ പൂർണ്ണമായും അല്ലാഹുവിന്ന് വേണ്ടിയായിത്തീരുന്നതുമാണ്.

തിരുനബി (സ.അ) പള്ളി നിർമ്മിക്കുന്നവർക്ക് അല്ലാഹു സ്വർഗ്ഗത്തിൽ വീട് നിർമ്മിച്ചു നൽകുന്നതാണ് എന്ന് സുവാർത്ത നൽകിയപ്പോൾ ഒരു നിബന്ധന കൂടി വെച്ചിട്ടുണ്ട്. മസ്ജിദ് നിർമ്മാണം അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കണം എന്നതാണത്. എന്നാൽ മാത്രമെ പ്രതിഫലം ലഭിക്കുകയുള്ളൂ. അല്ലാഹുവിന്നായുള്ള പള്ളിയിൽ മനുഷ്യർ നിഷ്കപടമായ ആരാധന നടത്തുന്നതാണ്. ഈ അവസ്ഥയിൽ പള്ളി നിർമ്മിച്ചതുകൊണ്ട് അതല്ലെങ്കിൽ പള്ളി നിർമ്മാണത്തിന് സഹായിച്ചതുകൊണ്ട് ഒരഹങ്കാരവും അവനിൽ വരില്ല. മറിച്ച് ഇതിനുശേഷം ദൈവഭയം അവന്റെ ഹൃത്തടത്തിൽ വർദ്ധിക്കുകയാണ് ചെയ്യുക. അല്ലാഹു ഈ കർമ്മം സ്വീകരിക്കുമാറാകട്ടെ എന്ന് അവൻ പ്രാർത്ഥിക്കുകയായിരിക്കും ചെയ്യുക. അല്ലാഹുവിന്റെ വരിഷ്ഠ ദാസർക്ക് ഇഷ്ടപ്പെടുന്നതും അവർ ആഗ്രഹിക്കുന്നതുമായ പ്രവർത്തനങ്ങളായിരിക്കും അവരിൽ നിന്നുണ്ടാവുക.

അതിനാൽ തഖ്വയിൽ ഉന്നതി കരസ്ഥമാക്കികൊണ്ട് ഇന്ന് നിങ്ങൾ കൃതജ്ഞത പ്രകടിപ്പിക്കുക. നമ്മുടെ പ്രവർത്തനങ്ങളുംഇബാദത്തുകളും അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുന്ന രീതിയിലാക്കി മാറ്റുക.

അല്ലാഹു ഇഷ്ടപ്പെടുന്നതും ഇതാണ്.ഞാൻ പ്രാരംഭത്തിൽ ഓതികേൾപ്പിച്ച വചനത്തിൽ അല്ലാഹു പറയുന്നത് ഇതുതന്നെയാണ്. മറ്റെല്ലാത്തിനേക്കാളും തഖ്വക്ക് മുൻഗണന നൽകേണ്ടതാണ്.ഇവിടെ വസ്ത്രത്തിന്റെ ഉദാഹരണമാണ് അല്ലാഹു എടുത്തു പറഞ്ഞത്.

വസ്ത്രത്തിന് രണ്ട് ഗുണങ്ങളാണ് ഉള്ളത്. ഒന്ന് അത് നിങ്ങളുടെ ന്യൂനതകളെ മറയ്കുന്നു. രണ്ട് അത്

സൗന്ദര്യത്തിന് കാരണമാകുന്നു. ശാരീരിക ന്യൂന തകൾ വസ്ത്രം മറച്ചുവെയ്ക്കുന്നു. കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം ശരീരത്തെ ഏൽകാതെ വസ്ത്രം തടയുന്നു. സൗന്ദര്യമുള്ള വസ്ത്രം മനുഷ്യന്റെ വ്യക്തിത്വത്തെ എടുത്തു കാണിക്കുന്നു. എന്നാൽ ഈ നാട്ടിലും പാശ്ചാത്യ നാടുകളിലും പൊതുവിലും വസ്ത്രത്തെ, പ്രത്യേകിച്ച് സ്ത്രീകളുടെ വസ്ത്രധാര ണത്തെ തങ്ങളുടെ നഗ്നത മറ്റുള്ളവരിൽ പ്രകടിപ്പി ക്കുന്നതിനുള്ള ഉപകരണമാക്കിയിരിക്കുകയാണ്. ഉഷ്ണകാലത്ത് ഇവരുടെ വസ്ത്രം പൂർണ്ണമായും നഗ്ന മായി മാറുന്നു. അതുകൊണ്ടാണ് അല്ലാഹു പറയുന്നത് വസ്ത്രങ്ങളുടെ ഈ രണ്ട് ഉദ്ദേശ്യങ്ങളും നിങ്ങൾ പൂർ ത്തിയാക്കേണ്ടതാണ് എന്ന്. തുടർന്ന് തഖ്‌വയുടെ വസ് ത്രം ഏറ്റവും ഉത്തമമാണെന്ന് പറയുകയും ചെയ്തു. അതായത് തഖ്‌വയിൽ നിന്ന് നിങ്ങൾ അകലുകയാ ണണെങ്കിൽ വസ്ത്രത്തിന്റെ ഈ ഭൗതിക ലക്ഷ്യ ങ്ങൾപോലും കരസ്ഥമാക്കാൻ നിങ്ങൾക്ക് സാധിക്കില്ല. അതിനാൽ വസ്ത്രങ്ങൾ അല്ലാഹുവിന് ഇഷ്ടപ്പെടുന്ന രീതിയിലായിരിക്കണം.

അല്ലാഹുവിന്റെ പക്കൽ ഏറ്റവും നല്ല വസ്ത്രം തഖ്‌വയുടെ വസ്ത്രമാണ്. ഇവിടെ *റീശ്* എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. പക്ഷികളുടെ തൂവൽ എന്നാണ് ഇതിന്റെ അർത്ഥം. തൂവലുകൾ അവക്ക് സൗന്ദര്യം നൽകുന്നു. ഈ തൂവലുകൾ നാം പിച്ചി എടുക്കുകയോ വല്ല രോഗവും കാരണമായി ഇവ കൊഴിഞ്ഞുപോകുകയോ ചെയ്താൽ ആ പക്ഷികളെ കാണാൻ ഒരു രസവും ഉണ്ടാകില്ല. മറിച്ച് നോക്കാൻ കൊള്ളരുതാത്ത അവസ്ഥയായിരിക്കും അത്. *റീശ്* എന്നതിന്റെ മറ്റൊരർത്ഥം വസ്ത്രം എന്നുമാണ്. എന്നാൽ ഇന്ന് നഗ്നത വെളിപ്പെടുത്തുന്ന വസ്ത്രങ്ങൾക്കാണ് നല്ല വസ്ത്രം എന്നു പറയപ്പെടുന്നത്. ഈ വസ്ത്ര ധാരണ രീതിക്ക് പുരുഷന്മാരും കുറ്റക്കാരാണ്. സ്ത്രീയെ അവർ പൂർണ്ണമായും തുറന്നു വിട്ടിരിക്കുകയാണ്. സ്ത്രീകളാ ണെങ്കിൽ തങ്ങളുടെ പവിത്രതയെ മറന്നുപോകുകയും ചെയ്തിരിക്കുന്നു. ചില മുസ്‌ലിംകളും അല്ലറ ചില്ലറ അഹ്മദികളും ഈ വസ്ത്രധാരണത്തിൽ ആകൃഷ്ടരാ യിപ്പോകുന്നു. പർദ്ദയുടെ മറ നീക്കപ്പെട്ടാൽ പിന്നീട് നഗ്നമായ വസ്ത്രത്തിലേക്കാണ് അവർ ചെന്നെത്തുക. അതുകൊണ്ട് തങ്ങളുടെ പരിശുദ്ധതയെയും പവിത്ര തയെയും ഓരോ സ്ത്രീയും നിലനിർത്തേണ്ടതാണ്.

ഇന്നലെ ഒരു നവ അഹ്മദി സുഹൃത്ത് എന്നോട് ചോദിക്കുകയുണ്ടായി:- വളരെയധികം തിന്മകളുള്ള ഈ സമൂഹത്തിൽ പ്രത്യേകിച്ച് നഗ്നത പ്രകടമാക്കുന്ന ഈ സമൂഹത്തിൽ നമ്മുടെ പെൺകുട്ടികളെ ഈ വിപത്തു കളിൽ നിന്ന് എങ്ങിനെയാണ് രക്ഷിക്കുക. ഞാൻ അദ്ദേഹത്തോട് പറഞ്ഞത്, നിങ്ങൾ ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ അവരുടെ പവിത്രതയെ കുറിച്ചുള്ള ബോധം ഇട്ടു കൊടുക്കുക. തങ്ങൾ ആരാണെന്നും അല്ലാഹു അവരോട് ആഗ്രഹിക്കുന്നതെന്താണെന്നും അവരെ ബോധ്യപ്പെടുത്തുക. അഞ്ചാറു വയസ്സാകു മ്പോൾ തന്നെ വസ്ത്രത്തെകുറിച്ച് അവരുടെ മനസ്സിൽ ശരിയായ ധാരണ ഇട്ടുകൊടുക്കണം. നിങ്ങൾ അഹ് മദികളായതുകൊണ്ട് നഗ്നതമറക്കുന്ന വസ്ത്രമാണ് ധരിക്കേണ്ടത്, കാരണം അല്ലാഹുവിന് അതാണി ഷ്ടം. മറ്റുള്ളവർ എന്തുധരിക്കുന്നു എന്ന് നിങ്ങൾ നോക്കേണ്ടതില്ല. അവരുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന സത്പ്രകൃതത്തെ തട്ടിയുണർത്തുക. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്ന പ്രവർത്തനങ്ങൾ മാത്രമെ ഞങ്ങളിൽ നിന്ന് ഉണ്ടാകുകയുള്ളൂ എന്ന വികാരം അവരിൽ ഉണ്ടാകട്ടെ. ഇങ്ങിനെ നാം ചെയ്താൽ അവർ വളരുന്നതോടുകൂടി ഇക്കാര്യം അവരുടെ മനസ്സുകളിൽ രൂഢമൂലമാകുന്നതാണ്.

*റീശ്* എന്നതിന് സമ്പത്ത് എന്ന അർത്ഥം കൂടിയുണ്ട്. ജീവിതവിഭവം എന്നും അർത്ഥമുണ്ട്. ജീവിതത്തിന്റെ സുഖസൗകര്യങ്ങൾ നേടിയെടുക്കാൻ തെറ്റായഒരുമാർഗ്ഗവും അവലംബിക്കരുത് എന്ന താക്കീതും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിനും തഖ്‌വ നിർബന്ധമാണ്. തെറ്റായ മർഗ്ഗത്തിലൂടെ ധനം സമ്പാദി ക്കാനോ അനുവദനീയമല്ലാത്ത ബിസ്സിനസ് നടത്താനോ ഗവൺമെന്റിന് നൽകേണ്ട നികുതി വെട്ടിക്കുറയ്ക്കാനോ പാടില്ല. കള്ളമുതലുകൾ കൊണ്ട് നിങ്ങൾ വീടും മറ്റും നിർമ്മിച്ചേക്കാം. എന്നാൽ ഇത് തഖ്‌വയിൽ നിന്നും നിങ്ങളെ അകറ്റുന്നതായിരിക്കും.അതുകൊണ്ടാണ് അല്ലാഹു പറയുന്നത് നിങ്ങളുടെ ന്യൂനത മറച്ചുവെയ്ക്കു ന്നതിനും നിങ്ങളുടെ സൗന്ദര്യത്തിന് വേണ്ടിയും നിങ്ങ ൾക്ക് അനുവദിച്ച മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. ഇതെല്ലാമാണെങ്കിലും തഖ്‌വയുടെ വസ്ത്രമാണ് ഏറ്റ വും ഉത്തമമെന്ന് മനസ്സിലാക്കുക. ഇതിലേക്ക് ശ്രദ്ധ യുണ്ടെങ്കിൽ ബാഹ്യവസ്ത്രങ്ങളും ജീവിതരീതിയും എല്ലാം അല്ലാഹുവിന്റെ ഇംഗിതമനുസ്സരിച്ചായിരിക്കും. ശൈത്താൻ വഴിപിഴപ്പിച്ചപ്പോൾ നിങ്ങളുടെ പൂർവ്വ പിതാവായ ആദം തന്റെ നഗ്നത മറയ്ക്കാൻ ശ്രമിച്ചതു പോലെ നിങ്ങളും നിങ്ങളുടെ നഗ്നതമറയ്ക്കുക. അല്ലാഹുവിൽ ഭയവും തഖ്‌വയും ഉണ്ടെങ്കിൽ ലോക ത്തുള്ള വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു

വിശുദ്ധ ഖുർആനിൽ അല്ലാഹു തഖ്‌വയെ വസ്ത്ര മായിട്ടാണ് നാമകരണം ചെയ്തിരിക്കുന്നത്. **ലിബാസു തഖ്‌വ** എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. ആത്മീയമായ സൗന്ദര്യം തഖ്‌വ മുഖേന മാത്രമെ കര ഗതമാകുകയുള്ളൂ എന്ന് കാണിക്കാനാണിത്. തഖ്‌വ എന്നാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തു കളും വിശ്വാസ പരമായ പ്രതിജ്ഞകളും അതേപോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും പ്രതിജ്ഞകളും നിറവേറ്റാൻ ശ്രമിക്കുകയും അതിലെ അതിസൂക്ഷ്മ

വശങ്ങൾ പോലും പ്രാവർത്തികമാക്കാൻ പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:- "നമ്മുടെ ജമാഅത്തിലുള്ള ഓരോരുത്തരും തഖ്‌വയിൽ മുന്നേറേണ്ടതാണ്. ഇതു മുഖേന ദുആ സ്വീകാര്യതയുടെ മാധുര്യം നുകരാൻ സാധിക്കുന്നതാണ്. വിശ്വാസ വർദ്ധനവും ഉണ്ടാവുന്നതാണ്. ഈ ഒരു നിലയെങ്കിലും നാം കരസ്ഥമാക്കണം. വീട് മോടി പിടിപ്പിക്കുന്നതിലോ അതിനെ അലങ്കരിക്കുന്നതിലോ അല്ല മറിച്ച് തഖ്‌വ സ്വായത്തമാക്കുന്നതിലൂടെയാണ് നാം യഥാർത്ഥ സൗന്ദര്യം കരസ്ഥമാക്കുന്നത്. ഒരു അഹ്മദിയുടെ യഥാർത്ഥ ലക്ഷ്യം ഇതായിരിക്കേണ്ടതാണ്."

തഖ്‌വയുടെ വസ്ത്രം കരസ്ഥമാക്കാൻ ആ മഹാത്മാവ് പറഞ്ഞത് അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകൾ നിറവേറ്റുകയും സൃഷ്ടികളോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകൾ പാലിക്കുകയും ചെയ്യുക എന്നതാണ്.

ഈ കടമകൾ നിറവേറ്റുന്നതിന്നായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ബൈഅത്തിന്റെ പത്ത് നിബന്ധനകൾ സമർപ്പിച്ചുകൊണ്ട് നമുക്ക് പ്രവർത്തന രൂപരേഖ നൽകിയിട്ടുണ്ട്. ഈ നിബന്ധനകൾ കഴിവിന്റെ പരമാവധി പാലിക്കുന്നതാണെന്ന് നാം പ്രതിജ്ഞ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

ഒന്നാമത്തെ നിബന്ധന ഏത് പരിതസ്ഥിതിയിലും ശിർക്ക് ചെയ്യില്ല എന്നതാണ്. പ്രത്യക്ഷവും പരോക്ഷവുമായ ശിർക്കുകളുണ്ട്. അല്ലാഹുവിന്റെ ആരാധനയിൽനിന്നും നമ്മെ തടയുന്ന പല പ്രശ്നങ്ങളും നിത്യജീവിതത്തിൽ വരാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ ആരാധനയിലാണ് യഥാർത്ഥ സൗന്ദര്യം എന്നു നാം മനസ്സിലാക്കുക. പരോക്ഷമായ ശിർക്കിൽ നിന്നും നാം വിട്ടു നിൽക്കേണ്ടതാണ്.

രണ്ടാമത്തെ നിബന്ധന, നമ്മുടെ ജീവിതത്തിൽ വരുന്ന എല്ലാ തിന്മകളും ഉപേക്ഷിക്കണം എന്നതാണ്. കളവ് , ദുർനോട്ടം, വ്യഭിചാരം തുടങ്ങിയ എല്ലാ തരം തിന്മകളിൽ നിന്നും ഒരു വിശ്വാസി വിട്ടു നിൽക്കേണ്ടതാണ്. വ്യഭിചാരം എന്നത് ബാഹ്യമായി ചെയ്യുന്നത് മാത്രമല്ല. അശ്ലീലചിന്തകൾ മനസ്സിൽ കുടിയിരുത്തി ഇടക്കിടക്ക് അതിൽ നിന്നും ആസ്വാദനം കണ്ടെത്തുന്നതും വ്യഭിചാരത്തിൽ പ്പെടും. സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്ന എല്ലാ തിന്മകളും ദുർനടപ്പിൽ പെടും. അക്രമം, വിശ്വാസഞ്ചന, കുഴപ്പം, ധിക്കാരം അത് ഗവൺമെന്റിനെതിരാണെങ്കിലും ജമാഅത്ത് സംവിധാനത്തിനെതിരാണെങ്കിലും ശരി ഈ എല്ലാ ദൂഷ്യങ്ങളിൽ നിന്നും നാം വിട്ടൊഴിയേണ്ടതാണ്.

മൂന്നാമത്തെ നിബന്ധന അഞ്ച് നേര നമസ്കാരം അല്ലാഹുവും അവന്റെ റസൂലും നിർദ്ദേശിച്ചതനുസരിച്ച് അനുഷ്ടിക്കുന്നതാണ്. പള്ളിനിർമ്മാണത്തിന് ശേഷം ഈ കാര്യം ഇടക്കിടക്ക് നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാണ്. തഖ്‌വയിൽ മുന്നേറാൻ ഫർള് നമസ്കാരങ്ങൾ മാത്രം അനു ഷ്ഠിച്ചാൽ മതിയാകുന്നില്ല. മറിച്ച് തഹജ്ജുദ് നമസ്കാരത്തിലും ശ്രദ്ധിക്കേണ്ടതായി വരും. ഇതോടൊപ്പം തിരുനബിയുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്യേണ്ടതാണ്. നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നതിന് തിരുനബി (സ.അ) യുടെ വസീലയാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. സ്വലാത്ത് ചൊല്ലുന്നില്ലെങ്കിൽ ദുആ സ്വീകരിക്കപ്പെടുന്നതല്ല. തബ്ലീഗ് പ്രവർത്തനങ്ങളെ വിജയത്തിലെത്തിക്കുന്ന മാർഗ്ഗവും ഇതുതന്നെയാണ്. ഈ സ്വലാത്ത് നമ്മെ ആത്മീയമായ ഉന്നതങ്ങളിൽ എത്തിക്കുന്നതാണ്.

ഇത് കൂടാതെ സ്ഥിരമായി ഇസ്തിഹ്ഫാർ ചെയ്യുന്നതിനെ കുറിച്ചും നിബന്ധനയിൽ പറയുന്നുണ്ട്. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെയോർത്ത് അവനെ സ്തുതിക്കുന്നതിലും ശ്രദ്ധയുണ്ടാവണം.

നാലാമത്തെ നിബന്ധന മനുഷ്യകുലത്തിന് പൊതുവിലും മുസ്‌ലിംകൾക്ക് പ്രത്യേകിച്ചും ശരീരേച്ഛകൾക്ക് അടിപ്പെട്ടുകൊണ്ട് ഒരു വിധത്തിലുമുള്ള ഉപദ്രവവും ഏൽപ്പിക്കുന്നതല്ല എന്നതാണ്.

അഞ്ചാമത്തെ നിബന്ധന ഏതൊരവസ്ഥയിലും അല്ലാഹുവിനോട് പരിപൂർണ്ണ കൂറ് പുലർത്തുന്നതാണ് എന്നതാണ്. എന്തുതന്നെ അവസ്ഥകൾ നേരിടേണ്ടി വന്നാലും അല്ലാഹുവുമായുള്ള ബന്ധം ഒരിക്കലും ഉപേക്ഷിക്കുന്നതല്ല.

ആറാമത്തെ നിബന്ധന, ഭൗതികേച്ഛകൾ പൂർണ്ണമായും വെടിഞ്ഞ് അല്ലാഹുവും അവന്റെ റസൂലും നിർദ്ദേശിച്ചതനുസരിച്ച് പ്രവർത്തിക്കുന്നതാണ് എന്നാണ്.

ഏഴാമത്തെ നിബന്ധന, അഹങ്കാരം, തന്നിഷ്ടം എന്നിവ പൂർണ്ണമായും കൈവെടിയുന്നതും വിനയവും ഭവ്യതയും പ്രകടിപ്പിക്കുന്നതുമാണെന്നാണ്. എട്ടാമത്തെ പ്രതിജ്ഞ നാം ചെയ്തിരിക്കുന്നത്, ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ അഭിമാനത്തെയും തന്റെ ജീവനെക്കാളും ധനത്തെക്കാളും മക്കളെക്കാളും കൂടുതൽ വിലമതിക്കുന്നതാണ് എന്നാണ്. ഒൻപതാമത്തെ നിബന്ധന, അല്ലാഹു നൽകിയിരിക്കുന്ന എല്ലാ കഴിവുകളും മനുഷ്യകുലത്തിന്റെ സേവനത്തിന്നായി വിനിയോഗിക്കുന്നതാണ് എന്നതാണ്.

അവസാനത്തെ നിബന്ധന, ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ പൂർണ്ണമായും അനുസരിക്കുന്നതാണ് എന്നാണ്. മറ്റു ബന്ധങ്ങളിലൊന്നും കാണാത്ത രീതിയിലുള്ള സ്നേഹബന്ധം ആ മഹാത്മാവുമായി ഉണ്ടായിരിക്കുന്നതാണ്. ആ മഹാത്മാവിനുശേഷം ഈ ബന്ധം അഹ്മദിയ്യാ ഖിലാഫത്തുമായും തുടരുന്നതാണ്. കാലത്തിന്റെ ഖലീഫ ഏത് മഅ്റൂഫായ തീരുമാനങ്ങൾ

എടുത്താലും അത് ശിരസാവഹിക്കുന്നതാണ്. ഖിലാഫത്ത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന ദൃഢവിശ്വാസമുണ്ടെങ്കിൽ ഖിലാഫത്തിൽനിന്ന് വരുന്ന ഓരോ കൽപ്പനയും വിശുദ്ധ ഖുർആന്റെയും തിരുഹദീസുകളുടെയും വെളിച്ചത്തിൽ മഅ്റൂഫ് ആയ തീരുമാനങ്ങൾ തന്നെയായിരിക്കും.

ചുരുക്കത്തിൽ തഖ്വയിൽ മുന്നേറാൻ വേണ്ടി നാം പാലിക്കേണ്ട നിബന്ധനകളെ ഞാൻ ചുരുക്കി വിവരിച്ചിരിക്കുകയാണ്. ഈ നിബന്ധനകൾ പാലിച്ചുകൊണ്ട് ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കാൻ നാം പള്ളിയിലേക്ക് വരുമ്പോൾ അത് അല്ലാഹുവിന്റെ ഫള്ലിനെ ആകർഷിച്ചെടുക്കുന്ന പ്രവൃത്തിയായി ത്തീരുന്നതാണ്.

ഞാൻ ഓതിയ ആയത്തിൽ അല്ലാഹു പറയുന്നു,

**യാബനീ ആദമ ഖുദൂ സീനത്തകും ഇന്ദ കുല്ലിമസ്ജിദിൻ**

ആദം സന്തതികളെ ഓരോ മസ്ജിദിലും സൗന്ദര്യം സ്വീകരിക്കുക. ഇവിടെ സൗന്ദര്യം എന്നു പറയുന്നത് തഖ്വയുടെ സൗന്ദര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, "ആദരണീയനായ അല്ലാഹുവിന്റെ കാരുണ്യ കടാക്ഷം വീണ്ടും വീണ്ടും നിങ്ങൾക്ക് ലഭിക്ക ണമെന്ന് ആഗ്രഹമുണ്ടെങ്കിൽ തഖ്വ സ്വായത്തമാക്കുക. അല്ലാഹുവിന് കോപം ഉണ്ടാക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഉപേക്ഷിക്കുകയും ചെയ്യുക. ദൈവഭയം ഇല്ലാത്തിടത്തോളം കാലം യഥാർത്ഥ തഖ്വ കൈവരിക്കാൻ സാധ്യമല്ല. മുത്തഖിയായിത്തീരാൻ പരിശ്രമിക്കുക. തഖ്വ സ്വായത്തമാക്കാത്തവർ നശിപ്പിക്കപ്പെടുമ്പോൾ മുത്തഖീങ്ങൾ രക്ഷിക്കപ്പെടുന്നു. മനുഷ്യന് തന്റെ കുതന്ത്രങ്ങൾ കൊണ്ടും ആജ്ഞാലംഘനം കൊണ്ടും ഒരിക്കലും രക്ഷപ്പെടാൻ സാധ്യമല്ല. നിങ്ങൾ മുത്തഖീങ്ങൾ ആകാത്തിടത്തോളം കാലം നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടുന്നതല്ല. അതുകൊണ്ട് തഖ്വ സ്വായത്തമാക്കുക. തഖ്വ രണ്ട് വിധത്തിലുണ്ട്. ഒന്ന് അറിവിന്റെ അടിസ്ഥാനത്തിൽ, മറ്റൊന്ന് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ. മുത്തഖി ആകാത്തിടത്തോളം കാലം ദീനി ആയുള്ള അറിവ് നേടാനോ ദൈവീകജ്ഞാനം കരസ്ഥമാക്കാനോ സാധ്യമല്ല."

"നമസ്കാരം നോമ്പ് തുടങ്ങിയ ആരാധനകളെല്ലാം മുത്തഖി ആകാത്തിടത്തോളം കാലം ഫലശൂന്യമായതായിരിക്കും."

അതുകൊണ്ട് നമ്മുടെ ആരാധനകൾ സ്വീകരിക്കപ്പെടുന്നതിന്ന് നമുക്ക് തഖ്വയുടെ മാർഗ്ഗത്തിലൂടെ ചരിക്കേണ്ടതായി വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അല്ലാഹുവിനോട് ചെയ്തിരിക്കുന്ന കരാറുകൾ പാലിക്കുമ്പോഴാണ് തഖ്വ സ്വായത്തമാകുക. അതുപോലെ സൃഷ്ടികളോട് ചെയ്തിരിക്കുന്ന കരാറുകളും നമുക്ക് പൂർത്തിയാക്കേണ്ടതായി വരും. അപ്പോഴാണ് അല്ലാഹുവിന്റെ സാമീപ്യം കരഗതമാകുന്ന മാർഗ്ഗം അവലംബിക്കുന്നവരായി നാം മാറുന്നത്. തന്മൂലം അല്ലാഹുവിന്റെ ഫള്ലിനെ ആകർഷിച്ചെടുക്കുന്നവരായും പള്ളികളുടെ അവകാശം നിലനാട്ടുന്നവരായും നാം മാറുന്നതാണ്.

ഈ പള്ളിയുമായി ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങൾക്കും അല്ലാഹു നിങ്ങളെ അർഹരാക്കുമാറാകട്ടെ. നന്മയിലും ആത്മാർത്ഥതയിലും അല്ലാഹു നിങ്ങളെ വർദ്ധിപ്പിക്കുമാറാകട്ടെ. പരസ് പരം സ്നേഹവും സൗഹാർദ്ധവും സാഹോദര്യവും നിലനിർത്തുന്നവരാക്കിത്തീർക്കട്ടെ.

ഭാരവാഹികൾ അവരവരുടെ ഉത്തരവാദിത്ത്വങ്ങൾ മനസ്സിലാക്കി വിനയത്തോടും ആത്മാർത്ഥതയോടും കൂടി തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നവരായിത്തീരട്ടെ. ജമാഅത്തംഗങ്ങൾ നിസാമെ ജമാഅത്തിനെ അനുസരിക്കുന്നവരിൽ ഉൾപ്പെടുമാറാകട്ടെ. അല്ലാഹു ആദ്യകാല അഹ്മദികൾക്കും ഖിലാഫത്തിനോടുള്ള കൂറിലും ആത്മാർത്ഥ തയിലും വർദ്ധനവ് നൽകുമാറാകട്ടെ. നവാഗതരിൽ പലരും ഇന്നലെ മുലാഖാത്ത് നടത്തുകയുണ്ടായി. അവരുടെ മുഖങ്ങളിൽ നിന്നും സംസാരത്തിൽ നിന്നും പ്രവർത്തിയിൽനിന്നും ഖിലാഫത്തിനോ ടുള്ള കൂറും ആത്മാർത്ഥതയും ബന്ധവും പ്രേമവും പ്രകടമായിരുന്നു. അല്ലാഹു ഇവരുടെ ഈ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമാറാകട്ടെ. അഹ്മദിയ്യ ത്തിന്റെ ഗുണപ്രദമായ വ്യക്തികളായി ഇവർ മാറട്ടെ. ഇവർ തഖ്വയിൽ മുന്നേറുന്നവരായി തീരട്ടെ.

ഞാനിവിടെ വരുന്നതിന് മുമ്പ് മാജിദ് സാഹിബ് എന്നോട് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഒരു ക്ലോക്കിൽ കണ്ട *ഫ്രൈഡെ ദി ടെൻത്ത്* എന്ന ആത്മീയ ദർശനത്തെക്കുറിച്ച് പറയുകയു ണ്ടായി. 1984 ഡിസംബർ 28-ം തിയ്യതി ഫ്രാൻസ് സന്ദർശന വേളയിലായിരുന്നു ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തന്റെ ഈ ദർശനം ആദ്യമായി വിവരിച്ചിരുന്നത്. ഇന്നും യാദൃശ്ചികമായി *ഫ്രൈഡെ ദി ടെൻത്ത്* ആണ്. ഇത് അല്ലാഹുവിന്റെ തഖ്ദീറാണ്. ഇന്നാണ് ഫ്രാൻസിലെ ആദ്യത്തെ പള്ളിയുടെ ഉദ്ഘാടനം നടക്കുന്നത്. ഫ്രൈഡെ ദി ടെൻത്തുമായി ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങളും - ഇതിന്റെ അനുഗ്രഹങ്ങളെ കുറിച്ച് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ന് അല്ലാഹു സുവാർത്ത നൽകിയിരുന്നു- ഈ മസ്ജിദുമായി അല്ലാഹു ബന്ധപ്പെടുത്തുമാറാകട്ടെ. കാരണം അല്ലാഹു തന്റെ സുവാർത്തകൾ പലപ്രാവശ്യം പൂർത്തിയാക്കാറുള്ളതാണ്. ജമാഅത്തിന്റെ വിജയത്തിനുള്ള ഒരു തുടക്കമായി ഈ പള്ളി മാറട്ടെ.

ചരിത്രം പഠിക്കുമ്പോൾ നൂറ്റാണ്ടുകൾക്കുമുൻപ് സ്പെയിനിലൂടെയാണ് മുസ്‌ലിംകൾ ഫ്രാൻസിൽ പ്രവേശിച്ചത് എന്ന് മനസ്സിലാകുന്നതാണ്. അവർക്ക് ഇവിടെ പല പ്രശ്നങ്ങളും നേരിടേണ്ടിവന്നു. തത്ഫലമായി അതിർത്തി പ്രദേശത്തിനടുത്ത് വെച്ച് തന്നെ അവർക്ക് തിരിച്ചുപോകേണ്ടതായിവന്നു. അവരിൽ ആത്മീയത ഇല്ലാതാവുകയും ഭൗതികത വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ മുഹമ്മദീ മസീഹിന് നൽകിയി രിക്കുന്ന സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രാർത്ഥനയുടെയും ആയുധം, അത് ഹൃദയങ്ങളെ മുറിവേൽപ്പിക്കുന്ന ആയുധമാണ്. അത് ഒരിക്കലും തിരിച്ചയക്കപ്പെടുകയില്ല. ഈ മുറിവ് ജീവൻ നൽകുന്നതാണ്.

അതുകൊണ്ട് നിങ്ങൾ മുഹമ്മദീ മസീഹിന്റെ ദാസരാണെന്ന ഓർമ്മ ഇവിടെയുള്ള അഹ്മദികൾക്ക് ഉണ്ടായിരിക്കണം. ഹൃദയത്തെ കീഴ്പ്പെടുത്തുന്ന ഈ പ്രവർത്തനം ഇന്ന് ഫ്രാൻസിന്റെ പുറത്തുനിന്നല്ല മറിച്ച് ഫ്രാൻസിന്റെ അകത്ത് നിന്നു തന്നെ നാടിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുവാനുള്ള അവസരമാണ് അല്ലാഹു നിങ്ങൾക്ക് നൽകിയിരിക്കുന്നത്. ഈ അവസരം നിങ്ങൾ പാഴാക്കരുത്. നിങ്ങളുടെ ആരാധനകളും സത്ഗുണങ്ങളും തബ്ലീഗ് പ്രവർത്തനങ്ങളും മുൻപത്തേക്കാളും കൂടുതൽ നിലവാരമുള്ളതാക്കി ത്തീർക്കുക. ഇതുമുഖേന സത്പ്രകൃതക്കാരെ തിരുനബിയുടെ പതാകക്കു കീഴെ വേഗം ഒരുമിച്ച് കൂട്ടാൻ സാധിക്കുന്നതാണ്. അല്ലാഹു നിങ്ങൾക്ക് ഇതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 10 -10 - 2008 at**
**Masjid Mubarak**
**Paris,France**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**